**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 47** **12-01-2021 - ൽ മറുപടിയ്ക്ക്**

**കാസർകോഡ് ടാറ്റാ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കാസർകോഡ് ടാറ്റാ ആശുപത്രി നിർമ്മിച്ചത് ഏത് ഫണ്ട് ഉപയോഗിച്ചാണെന്ന് വ്യക്തമാക്കാമോ; | (എ) | ടാറ്റ ഗ്രൂപ്പിന്റെ സി. എസ്. ആർ ഫണ്ട് ഉപയോഗിച്ചാണ് കാസർഗോഡ് തെക്കിൽ വില്ലേജിൽ കോവിഡ് ആശുപത്രി നിർമ്മിച്ചിട്ടുള്ളത്. ടാറ്റ പ്രൊജക്റ്റ് ചിലവഴിച്ച തുക ലഭ്യമല്ല. |
| (ബി) | ടാറ്റായുടെ ഫണ്ട് ഉപയോഗിച്ചാണ് ആശുപത്രി നിർമ്മിച്ചതെങ്കിൽ എത്ര രൂപയാണ് ടാറ്റാ ഇതിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | ഈ ആശുപത്രിയുടെ നിർമ്മാണത്തിന് സംസ്ഥാന ഗവൺമെന്റിന്റെ സംഭാവന ഏതെല്ലാം കാര്യത്തിൽ എങ്ങനെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാർ പണം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം ആവശ്യത്തിന് എത്ര രൂപയാണെന്ന് തരംതിരിച്ച വ്യക്തമാക്കാമോ; | (സി) | ദേശീയ പാതയോരത്ത് ആശുപത്രി നിർമ്മാണത്തിന് അനുയോജ്യമായ 5.50 ഏക്കർ സ്ഥലവും നിർമ്മാണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന സർക്കാരാണ് ഒരുക്കി നൽകിയത്. ടി ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 8,24,89,622/- രൂപ സർക്കാർ SDRF-ൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ആശുപത്രി നിർമ്മാണത്തിനുള്ള ഭൂമി നിരപ്പാക്കൽ ജോലികൾ - 33,00,000/- രൂപ<br><br>2. നാഷണൽ ഹൈവേയിൽ നിന്ന് ഹോസ്പിറ്റലിലേക്ക് റോഡ് നിർമ്മാണം 14,00,000/- രൂപ<br><br>3. താല്ക്കാലിക വൈദ്യുതി കണക്ഷൻ – 16,88,622/- രൂപ<br><br>4. ദേശീയ പാതയിൽ നിന്ന് ആശുപത്രിയിലേക്ക് നേരിട്ട് എത്തിച്ചേരുന്ന റോഡ് ടാറിങ് - 2,61,00,000/- രൂപ<br><br>5. പെർമനന്റ് വൈദ്യുതി കണക്ഷൻ – 1,82,41,000/- രൂപ. |

| | | | |
|---|---|---|---|
| (ഡി) | ഈ ആശുപത്രി നിർമ്മിച്ച സ്ഥലം സർക്കാർ ഭൂമിയാണോ എന്നും ഏത് സർവ്വേ നമ്പറിൽ എത്ര ഏക്കറാണെന്നും വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത ആശുപത്രി നിർമ്മിച്ച സ്ഥലം സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.<br><br>a. മലബാർ ഇസ്ലാമിക് കോംപ്ലക്സ് എന്ന സ്ഥാപനത്തിൽ നിന്ന് സർക്കാർ ഏറ്റെടുത്ത സ്ഥലം 277/1A- 1.6695 Hr<br><br>b. സർക്കാർ ഭൂമി- 276/1A -0.2472 Hr<br><br>C. സർക്കാർ ഭൂമി- 277/1A pt -0.1140 Hr<br><br>ആകെ 2.0307 ഹെക്ടർ (5.018 ഏക്കർ) |
| (ഇ) | ഈ ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഏതെല്ലാം ചികിത്സകളാണ് ലഭ്യമാകുന്നതെന്നും ഡോക്ടർമാരടക്കം എത്ര ജീവനക്കാരാണുള്ളതെന്നും ഇതിന്റെ നടത്തിപ്പിനു പ്രതിമാസം വരുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ; | (ഇ) | നിലവിൽ കോവിഡ് രോഗികൾക്ക് മാത്രമായാണ് പ്രവർത്തിക്കുന്നത്. 6 ബ്ലോക്കുകളിൽ കിടത്തി ചികിത്സക്കായി 400 കിടക്കകൾ സജ്ജീകരിച്ചിട്ടുള്ള ടി ആശുപത്രിയിൽ നിലവിൽ കോവിഡ് കാറ്റഗറി -എ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് മാത്രമാണ് ചികിത്സ ലഭ്യമാക്കി വരുന്നത്. ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ അടക്കം 191 തസ്തികകളാണ് ടി ആശുപത്രിയിലേക്കായി സൃഷ്ടിക്കപ്പെട്ടത്. അവയിൽ ഡോക്ടർമാരടക്കം 37 ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളമുൾപ്പെടെ പ്രതിമാസം 59,44,000/- രൂപ ചെലവ് വരുന്നതായി പ്രതീക്ഷിക്കുന്നു. കോവിഡ് കഴിഞ്ഞാൽ ഉള്ള പ്രവർത്തനം സർക്കാർ പരിശോധിച്ചു വരുന്നു. |
| (എഫ്) | ഈ ആശുപത്രി കോവിഡ് രോഗികൾക്ക് മാത്രമായിട്ടുള്ളതാണോ; എങ്കിൽ കോവിഡ് കാലം കഴിഞ്ഞാൽ ഇതിന്റെ ഭാവി പ്രവർത്തനം ഏത് രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (എഫ്) | ഉത്തരം(ഇ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ